നം. സി.ഇ.ഇ/4050/2016/KEAM-2017/റ്റി.എ.1

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## പത്രക്കുറിപ്പ്

## 2017-ലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള കേന്ദ്രീകൃത അലോട്ട്മെന്റ്

# ഓൺലൈൻ ഓപ്ഷൻ സമർപ്പണം സംബന്ധിച്ച്

2017-ലെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോഴ്സുകളിലേയ്ക്കും സർക്കാർ ഫാർമസി കോളേജുകളിലെ ബി.ഫാം കോഴ്സിലേയ്ക്കും പ്രവേശനത്തിനായുള്ള ഓൺലൈൻ ഓപ്ഷനുകൾ സമർപ്പിക്കുന്നതിനുള്ള സൗകര്യം **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാക്കി. വെബ്സൈറ്റിലെ **KEAM 2017-Candidate Portal** എന്ന ലിങ്കിലൂടെ അവരവരുടെ അപേക്ഷാ നമ്പർ, പാസ്സ്‌വേഡ് എന്നിവ നൽകി ഹോം പേജിൽ പ്രവേശിച്ച് **'Print Key Number'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത ശേഷം **'Print/View Key Number'** എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് കീ നമ്പർ ഡൗൺലോഡ് ചെയ്ത് പ്രിന്റ് എടുക്കേണ്ടതാണ്. അതിനു ശേഷം ഹോം പേജിലെ **'Option Registration'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് കീ നമ്പർ നൽകി ഓൺലൈൻ ഓപ്ഷനുകൾ സമർപ്പിക്കാവുന്നതാണ്.

ഓപ്ഷനുകൾ രേഖപ്പെടുത്താനുള്ള സംവിധാനത്തിൽ വിദ്യാർത്ഥികൾക്ക് അവരുടെ താത്പര്യം അനുസരിച്ച് ഓപ്ഷൻ മുൻഗണനാ ക്രമം രേഖപ്പെടുത്താവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ചാൽ സ്വീകരിക്കുമെന്ന് ഉറപ്പുള്ള കോഴ്സുകളിലേയ്ക്കും കോളേജുകളിലേയ്ക്കും മാത്രം ഓപ്ഷൻ നൽകുക. അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശനം നേടാൻ താത്പര്യമില്ലാത്ത കോഴ്സുകളിലേയ്ക്കും കോളേജുകളിലേയ്ക്കും ഓപ്ഷൻ നൽകാതിരിക്കുക. ഓൺലൈൻ ഓപ്ഷനുകൾ സമർപ്പിക്കുന്നതിന് **28.06.2017** വൈകുന്നേരം **5** മണി വരെ വെബ്സൈറ്റിൽ സൗകര്യമുണ്ടായിരിക്കുന്നതാണ്. **28.06.2017** വൈകുന്നേരം **5** മണി വരെ ലഭ്യമാകുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിലുള്ള ഒന്നാം ഘട്ട അലോട്ട്മെന്റ് **30.06.2017**-ന് പ്രസിദ്ധീകരിക്കുന്നതാണ്.

**ശ്രദ്ധിക്കുക: കീ നമ്പരും പാസ്സ്‌വേഡും അപേക്ഷകർ സുരക്ഷിതമായി സൂക്ഷിക്കേണ്ടതാണ്. ഇവ മറ്റാരെങ്കിലും ദുരുപയോഗം ചെയ്താൽ അതിന് സർക്കാരോ പ്രവേശന പരീക്ഷാ കമ്മീഷണറോ ഉത്തരവാദിയായിരിക്കുന്നതല്ല.**

തിരുവനന്തപുരം
23.06.2017

**പ്രവേശന പരീക്ഷാ കമ്മീഷണർ**